**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1914

14.08.2017 ൽ മറുപടിക്ക്

**കേരള അക്രഡിറ്റേഷൻ സ്റ്റാൻഡാർഡ്സ് ഫോർ ഹോസ്പിറ്റൽ (KASH) പദ്ധതി**

| ചോദ്യം<br>ശ്രീ.മുരളി പെരുനെല്ലി : | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തൃശ്ശൂർ ജില്ലയിൽ കേരള അക്രഡിറ്റേഷൻ സ്റ്റാൻഡാർഡ്സ് ഫോർ ഹോസ്പിറ്റൽ (KASH) പദ്ധതിയിൽ തെരഞ്ഞെടുത്ത പ്രാഥമികാരോഗ്യ കേന്ദ്രം ഏതാണെന്ന് അറിയിക്കാമോ; | (എ) | തൃശ്ശൂർ ജില്ലയിലെ മണലൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തെയാണ് കേരള അക്രഡിറ്റേഷൻ സ്റ്റാൻഡാർഡ്സ് ഫോർ ഹോസ്പിറ്റൽ (KASH) പദ്ധതിയിൽ തിരഞ്ഞെടുത്തിരിക്കുന്നത്. |
| (ബി) | പ്രസ്തുത പി.എച്ച്.സി.യിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ബി) | ഒരു അസിസ്റ്റന്റ് സർജൻ, രണ്ടു സ്റ്റാഫ് നേഴ്സ്, ഒരു ലാബ് ടെക്നിഷ്യൻ എന്നിവരുടെ അധിക തസ്തിക സൃഷ്ടിച്ച് തൃശ്ശൂർ ജില്ലയിലെ മണലൂർ പ്രാഥമികാരോഗ്യകേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി വികസിപ്പിക്കാൻ തിരഞ്ഞെടുത്തിട്ടുണ്ട്. ഔട്ട് പേഷ്യന്റ് വിഭാഗത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി രോഗീസൗഹൃദമായ രീതിയിൽ ചികിത്സ ലഭ്യമാക്കാനും കമ്പ്യൂട്ടറൈസ്ഡ് ഒ.പി. രജിസ്ട്രേഷൻ, രോഗികൾക്കുള്ള മെച്ചപ്പെട്ട ഇരിപ്പിടങ്ങൾ, കുടിവെള്ളം, ശൗചാലയ സൗകര്യങ്ങൾ എന്നിവയും, ജീവിതശൈലീരോഗങ്ങൾ അടക്കമുള്ള വിവിധ രോഗങ്ങളുടെ സമഗ്രപ്രാഥമികപരിചരണം എന്നിവ ലഭ്യമാക്കുന്നതിനുവേണ്ട നടപടികളും ലാബ് സൗകര്യമൊരുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ